# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1921 — 12.02.2013-ൽ മറുപടിയ്ക്ക്

### പങ്കാളിത്ത പെൻഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കുഞ്ഞഹമ്മത് മാസ്റ്റർ, എം.എൽ.എ | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) പങ്കാളിത്ത പെൻഷൻ സമരത്തിൽ പങ്കെടുത്ത ജീവനക്കാർക്ക് ഡയസ്നോൺ ബാധകമാക്കി ഉത്തരവ് ഇറങ്ങിയിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഈ ഉത്തരവ് നടപ്പാക്കുന്നതിലൂടെ സർക്കാരിന് എത്ര രൂപയുടെ വരുമാനം ഉണ്ടാവും എന്ന് വ്യക്തമാക്കുമോ; | (ബി) ഇതു സംബന്ധിച്ച കണക്കുകൾ ശേഖരിച്ചിട്ടില്ല. |
| (സി) ഈ സമരത്തിനെതിരെ ബോധവത്ക്കരണത്തിനായി പത്ര മാധ്യമങ്ങളിൽ പബ്ലിക് റിലേഷൻസ് വകുപ്പ് എന്തെങ്കിലും പരസ്യം നൽകിയിരുന്നോ; ഉണ്ടെങ്കിൽ ഏതൊക്കെ മാധ്യമങ്ങളിലാണ് പരസ്യം നൽകിയത് എന്ന് വ്യക്തമാക്കുമോ; | (സി) പങ്കാളിത്ത പെൻഷനെ സംബന്ധിച്ച 05.01.2013-ലെ 739/ഡി1/2013/ഐ&പി.ആർ റിലീസിങ് ഓർഡർപ്രകാരം എല്ലാ പത്രമാധ്യമങ്ങളിലും 1/4 പേജ് പരസ്യവും മീഡിയാസിറ്റി എന്ന അഡ്വർടൈസിംഗ് ഏജൻസി നിർമ്മിച്ച പരസ്യം 1284/ഡി3/2013/ഐ&പി.ആർ റിലീസിങ് ഓർഡർപ്രകാരം 10 പ്രമുഖ ചാനലുകളിലും നൽകിയിട്ടുണ്ട്. |
| (ഡി) പ്രസ്തുത പരസ്യങ്ങൾക്കു വേണ്ടി എത്ര രൂപ ചെലവിട്ടു എന്ന് വ്യക്തമാക്കുമോ? | (ഡി) തുകയൊന്നും ചെലവഴിച്ചിട്ടില്ല. ബില്ലുകൾ ലഭ്യമാകുന്ന മുറയ്ക്ക് തുക അനുവദിച്ചു നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ